പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 462 22.07.2015 ൽ മറുപടിക്ക്

## കരിപ്പൂർ വിമാനത്താവളത്തിലെ അനിഷ്ട സംഭവങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>,, പി.ഉബൈദുള്ള : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കരിപ്പൂർ വിമാനത്താവളത്തിലെ അനിഷ്ട സംഭവങ്ങളെത്തുടർന്ന്, സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും എന്തൊക്കെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | കരിപ്പൂർ വിമാനത്താവളത്തിൽ 10.06.2015 ലുണ്ടായ അനിഷ്ട് സംഭവങ്ങളുമായി ബന്ധപ്പെട്ട് കരിപ്പൂർ പോലീസ് സ്റ്റേഷനിൽ നാല് കേസ്സുകൾ രജിസ്റ്റർ ചെയ്തത് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ സി.ഐ.എസ്.എഫ് ഭടൻമാരും, എയർപോർട്ട് അഗ്നിശമന സേനയിലെ ഉദ്യോഗസ്ഥരും തമ്മിലുണ്ടായ സംഘർഷത്തെ തുടർന്ന് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും വിമാന യാത്രികരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും വേണ്ടി ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിലേയും, സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിലേയും, കേന്ദ്ര വ്യവസായ സംരക്ഷണ സേനയിലേയും, സംസ്ഥാന പോലീസിലെയും ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു കൊണ്ട് 16.06.2015-ൽ ചേർന്ന ഉന്നതതലയോഗത്തിൽ |

| | | | |
|---|---|---|---|
| | | | ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.<br>1. എയർപോർട്ടിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളായ എയർപോർട്ട് അതോറിറ്റി, സി.ഐ.എസ്.എഫ്, കസ്റ്റംസ് & സെൻട്രൽ എക്സൈസ് എന്നിവർക്കിടയിൽ മെച്ചപ്പെട്ട ഏകോപന സംവിധാനം ഉണ്ടാകണം. ജില്ലാ ഭരണകൂടത്തിനേയും ജില്ലാ പോലീസ് മേധാവി യേയും കൂടി ഉൾപ്പെടുത്തി ഈ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>2. എല്ലാ വിഭാഗങ്ങളുടേയും പരാതി പരിഹരിക്കുന്നതിലേക്കായി എയർപോർട്ടിലെ വിവിധ ഏജൻസികളുടെ ഏകോപന യോഗങ്ങൾ എല്ലാമാസവും കൃത്യമായി ചേരണം.<br>3. ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകാതിരി ക്കുന്നതിലേയ്ക്ക് എയർപോർട്ടിനുള്ളിൽ പോലീസ് സ്റ്റേഷൻ/ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്ന വിഷയത്തിൽ കേന്ദ്ര സർക്കാരിനെ സമീപിക്കണം.<br>4. എയർപോർട്ടിലെ വിവിധ ഏജൻസികളി ലെ ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ ഏകോപനസമിതി മുൻപാകെ കൊണ്ടുവന്ന് പരിഹാരം കാണുന്നതിലേക്കായി വിമാന ത്താവളങ്ങളിലെ അനുയോജ്യമായ സ്ഥലങ്ങ ളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കണം. |

| | | | |
|---|---|---|---|
| (ബി) | ഈ സംഭവത്തിനു കാരണമായ യഥാർത്ഥ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 10.06.2015 [illegible] രാത്രി ഏതാണ്ട് 9.38 ന് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഡ്യൂട്ടി ചെയ്തിരുന്ന എയർപോർട്ട് അഗ്നിശമന സേനയിലെ ഫയർ സൂപ്പർവൈസർ ശ്രീ. അജികുമാർ ഡ്യൂട്ടിക്കിടയിൽ വിമാനത്താവളത്തിൽ നിന്നും പുറത്തുപോയി തിരിച്ചു പ്രവേശിക്കുന്ന സമയത്ത് എ.ടി.സി ഗേറ്റിനു സമീപത്തു വെച്ച് സുരക്ഷാ ഡ്യൂട്ടിയിലുണ്ടായിരുന്ന CISF സബ് ഇൻസ്പെക്ടർ ശ്രീ. സീതാറാം ചൗധരി ടിയാനെ സുരക്ഷാ പരിശോധനയുടെ ഭാഗമായി മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് പരിശോധിക്കുന്നതിനിടയിൽ മെറ്റൽ ഡിറ്റക്ടർ ദേഹത്ത് തട്ടി എന്നാരോപിച്ചു കൊണ്ട് വാക്കുതർക്കം ഉണ്ടാകുകയും ഇത് CISF ഭടൻമാരും എയർപോർട്ട് അഗ്നിശമനസേനാ ഉദ്യോഗസ്ഥരും തമ്മിൽ സംഘർഷത്തിന് ഇടയാക്കുകയും ചെയ്തു. |
| (സി) | ഇതിനെത്തുടർന്ന് സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ, ഇത്തരം സ്ഥിതിവിശേഷം ആവർത്തിക്കാതിരിക്കാനും, വിമാനത്താവളങ്ങളുടെ പ്രവർത്തനവും വികസനവും മുരടിപ്പിക്കാൻ നടക്കുന്ന സംഘടിതശ്രമങ്ങളെ ചെറുത്തു തോല്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ? | | വിമാനത്താവളങ്ങളുടെ ആഭ്യന്തര സുരക്ഷാ ചുമതല പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ സിവിൽ ഏവിയേഷൻ വകുപ്പിനു കീഴിലുള്ള എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയുടെ കീഴിലുള്ള ഏജൻസികൾക്കും കേന്ദ്ര വ്യവസായ സേനയ്ക്കുമാണ്. ഈ ഏജൻസികൾ തമ്മിൽ എന്തെങ്കിലും ആഭ്യന്തര പ്രശ്നങ്ങളുണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്യുന്നതും പരിഹാരം കണ്ടെത്തുന്നതും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തന്നെയാണ്. എന്നിരുന്നാലും ഈ സംഭവത്തെത്തുടർന്ന് സ്ഥിതിഗതികൾ |

| | | | |
|---|---|---|---|
| | | | വിലയിരുത്തുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വിമാന യാത്രികരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും വേണ്ടി അഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിലെയും സെൻട്രൽ എക്സൈസ് & കസ്റ്റംസ് വകുപ്പിലെയും കേന്ദ്ര വ്യവസായ സംരക്ഷണ സേനയിലെയും സംസ്ഥാന പോലീസിലെയും ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു കൊണ്ട് 16.06.2015 - ൽ ചേർന്ന ഉന്നത തലയോഗത്തിലെ തീരുമാനങ്ങൾ അനുസരിച്ചുള്ള തുടർനടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ